## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 605** **28.09.2011-ൽ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കൽ പ്രവേശനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.കെ.കെ. ലതിക** | | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാരുമായി കരാർ ഒപ്പിട്ടവരും ഒപ്പിടാത്തവരുമായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനരീതി എങ്ങനെ യാണെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാരുമായി കരാർ ഒപ്പിട്ട മെഡിക്കൽ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തുന്നത്. മാനേജ് മെന്റു സീറ്റുകളിൽ അതാത് കോളേജുകൾ നടത്തുന്ന പ്രവേശന പരീക്ഷയിൽ നിന്നാണ് പ്രവേശനം നടത്തുന്നത്. സർക്കാരുമായി കരാറിൽ ഒപ്പിട്ടിട്ടില്ലാത്ത സ്ഥാപ നങ്ങൾ സ്വന്തം നിലയ്ക്കാണ് പ്രവേശനം നടത്തുന്നത്. |
| ബി) സംവരണ തത്വങ്ങളും മെരിറ്റും പ്രസ്തുത പ്രവേശനരീതിയിൽ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ? | (ബി) | സർക്കാരുമായി കരാർ ഒപ്പിട്ടിട്ടുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലെ പ്രവേശനത്തിന് മെരിറ്റും അർഹത യുള്ള വിഭാഗങ്ങൾക്കുള്ള സംവരണ തത്വങ്ങളും കൃത്യമായി പാലിച്ചു കൊണ്ട് പ്രവേശന പരീക്ഷ കമ്മീഷണറാണ് പ്രവേശനം നട ത്തുന്നത്. |

സെക്ഷൻ ഓഫീസർ